**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 285** **08-08-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അംഗൻവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശിശുക്ഷേമ വകുപ്പിന് കീഴിൽ എത്ര സ്മാർട്ട് അംഗൻവാടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | (എ) 2019-20 മുതൽ നാളിതുവരെ 209 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ നിർമ്മാണം സാധ്യമാകാത്ത 16 അങ്കണവാടികളെ പദ്ധതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള 193 അങ്കണവാടികളിൽ 42 അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കൂടി സൗകര്യപ്രദമാകുന്ന തരത്തിൽ അംഗൻവാടികളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ ? | (ബി) | (ബി) സ്പെഷ്യൽ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സഹായകരമാകും വിധം അങ്കണവാടികളിൽ റാംപുകൾ സ്ഥാപിക്കുകയും ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

| ക്രമ നം. | ജില്ല | ഭരണാനുമതി ലഭ്യമായ സ്മാർട്ട് അങ്കണവാടികളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 18 | 7 |
| 2 | കൊല്ലം | 20 | 10 |
| 3 | പത്തനംതിട്ട | 7 | 1 |
| 4 | ആലപ്പുഴ | 16 | 1 |
| 5 | കോട്ടയം | 11 | 1 |
| 6 | ഇടുക്കി | 1 | 0 |
| 7 | എറണാകുളം | 4 | 0 |
| 8 | തൃശ്ശൂർ | 15 | 7 |
| 9 | പാലക്കാട് | 13 | 3 |
| 10 | മലപ്പുറം | 20 | 4 |
| 11 | കോഴിക്കോട് | 12 | 4 |
| 12 | വയനാട് | 9 | 1 |
| 13 | കണ്ണൂർ | 17 | 2 |
| 14 | കാസർഗോഡ് | 30 | 1 |
| | ആകെ | 193 | 42 |

സെക്ഷൻ ഓഫീസർ